പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1808

14.07.2011 - ൽ മറുപടിക്ക്

## കുറഞ്ഞ വിലയ്ക്ക് ശസ്ത്രക്രിയാ ഉപകരണങ്ങളും മരുന്നുകളും

| ചോദ്യം<br>ശ്രീ. വി.എസ്. സുനിൽകുമാർ | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
|---|---|
| (എ) ഹൃദയ ശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകളും അർബുദത്തിനുള്ള മരുന്നുകളും പത്തിരട്ടിയിലധികം വിലയ്ക്ക് വ്യാപാരികൾ വിറ്റഴിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പത്തിരട്ടിയിലധികം വിലയ്ക്ക് വ്യാപാരികൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരം മരുന്നുകൾക്കു അധികവില ഈടാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) കുറഞ്ഞ വിലയ്ക്ക് ശസ്ത്രക്രിയാ ഉപകരണങ്ങളും മരുന്നുകളും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) വിലകൂടിയതും ബ്രാൻഡ് ഇനത്തിലും പെട്ട മരുന്നുകൾ, ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള സ്റ്റെൻഡുകൾ, ശസ്ത്രക്രിയാ സാമഗ്രികൾ തുടങ്ങിയവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നേരിട്ട് നിർമ്മാതാക്കളിൽ നിന്ന് സംഭരിച്ച് ഒരു വില്പന കൗണ്ടർ മുഖേന മിതമായ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ മാനേജ്മെൻറ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ട് ലഭ്യമായതിനുശേഷം അന്തിമ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ആഫീസർ